സംവരണം ചെയ്തിട്ടുണ്ടെങ്കിലും മറ്റു പിന്നോക്കവിഭാഗക്കാർക്ക് സംവരണം ഏർപ്പെടുത്തിയിട്ടില്ല. പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനത്തിനായി 2-5-1966 ലെ. ജി. ഒ. (പി) നം. 208/06 എഡ്യു. പ്രകാരവും ഈ ഉത്തരവിൽ കാലാകാലങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ അനുസരിച്ചും സാമൂഹ്യ പരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗത്തിന് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 25% സീറ്റും പട്ടികജാതി വിഭാഗത്തിന് 3% സീറ്റും പട്ടികവർഗ്ഗ വിഭാഗത്തിന് 2% സീറ്റും സംവരണം ചെയ്തിട്ടുണ്ട്. സ്വാശ്രയ എഞ്ചിനീയറിംഗ് ഡി.ഫാം കോളേജുകളിൽ ഈ വർഷത്തെ പ്രവേശന മാനദണ്ഡങ്ങളനുസരിച്ച് 100 സീറ്റുകളുള്ള ഒരു കോളേജിൽ സംവരണാനുകൂല്യം കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് പിന്നോക്കവിഭാഗത്തിന് ഉദ്ദേശം 9 എണ്ണം കുറഞ്ഞിട്ടുണ്ട്. ഈ വർഷം പരിയാരം മെഡിക്കൽ കോളേജിൽ സർക്കാർ സീറ്റുകൾ 50% ആയി പരിമിതപ്പെടുത്തിയതിനാൽ ഇവിടെ പിന്നോക്ക വിഭാഗത്തിന് സംവരണസീറ്റിൽ ഉദ്ദേശം 12 സീറ്റുകളുടെ കുറവുണ്ടാകും.

(ഡി) പ്രവേശനപരീക്ഷാ കമ്മീഷണർ നടത്തുന്ന അലോട്ട്മെന്റ് സംവരണതത്വങ്ങൾ പാലിച്ചുകൊണ്ടുള്ളതാണ്. ഇതനുസരിച്ച് ഓരോ സ്വാശ്രയ കോളേജിലെയും 50% ഗവൺമെന്റ് സീറ്റുകൾ മാൻഡേറ്ററി റിസർവേഷൻ തത്വമനുസരിച്ച് വിവിധ വിഭാഗങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. ഈ 50% സീറ്റുകളുടെ 25% സീറ്റുകൾ സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും (ഈഴവ 9% മുസ്ലീം 8% പിന്നോക്ക ഹിന്ദു 5%, പിന്നോക്ക ക്രിസ്ത്യൻ 1% ആംഗ്ലോ ഇൻഡ്യൻ ഒഴികെയുള്ള ലാറ്റിൻ കത്തോലിക് 2%) 8% പട്ടികജാതി വിഭാഗങ്ങൾക്കും 2% പട്ടികവർഗ്ഗ വിഭാഗത്തിനും സംവരണം ചെയ്തിട്ടുണ്ട്.

ജലനഷ്ടം തടയുന്നതിനും ജലവിതരണം പുനഃസ്ഥാപിക്കുന്നതിനുമുള്ള ഉത്തരവാദിത്വം

10 (*190) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി ശുദ്ധജല വിതരണം നടത്തുന്ന നഗരങ്ങളിലെ പൊതുനിരത്തുകളിൽ കുഴിച്ചിട്ടിരിക്കുന്ന പൈപ്പുകൾ പൊട്ടിയാൽ അത് നന്നാക്കുന്നതിനുള്ള ഉത്തരവാദിത്വം വാട്ടർ അതോറിറ്റിക്ക് ഉണ്ടോ ;

(ബി) ഇല്ലെങ്കിൽ ആരിലാണ് ഈ ഉത്തരവാദിത്വം നിക്ഷിപ്തമായിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതു നിരത്തുകളിലുള്ള പൈപ്പു പൊട്ടി ജലം നഷ്ടമാവുന്നത് തടയുന്നതിനായി പൈപ്പ് നന്നാക്കുന്നതിനും ജലവിതരണം പുനഃസ്ഥാപിക്കുന്നതിനും ഉള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ട നിർദ്ദേശം വാട്ടർ അതോറിറ്റിക്ക് നൽകുമോ ;

(ഡി) വാട്ടർ കണക്ഷൻ ലഭിച്ചിട്ടുള്ള ഉപഭോക്താക്കളെ അവരുടെ വീടിനും വീടുസ്ഥിതിചെയ്യുന്ന കോമ്പൗണ്ടിനും പുറത്തുള്ള പൈപ്പ് പൊട്ടി ജലം പാഴായാൽ അത് നന്നാക്കുന്നതിനും സാധന സാമഗ്രികൾ വാങ്ങി നൽകുന്നതിനും നിർബന്ധിക്കുന്ന രീതി നിർത്തലാക്കാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ,

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇക്കാര്യത്തിൽ ഇപ്പോൾ തന്നെ വാട്ടർ അതോറിറ്റി വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) വാട്ടർ അതോറിറ്റിയുടെ സാമ്പത്തികനില കണക്കിലെടുത്ത് ഉടനടി ഇപ്പോഴത്തെ സമ്പ്രദായത്തിൽ മാറ്റം വരുത്താനാകില്ല.

വൈദ്യുതി വിതരണരംഗത്ത് കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടി

11 (*191) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി മേഴ്സി രവി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണരംഗത്ത് കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി ബന്ധം പോയാൽ ഉടനടി തകരാറ് തീർക്കാനുള്ള എന്തെങ്കിലും സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) നാട്ടിലും നഗരത്തിലും ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) വൈദ്യുതി വിതരണരംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേടായ മീറ്ററുകൾ മാറ്റി പുതിയവ സ്ഥാപിക്കുക, ഊർജ്ജ ആഡിറ്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly